# കേരളാ മദ്രസാധ്യാപക ക്ഷേമനിധിയും ആനുകൂല്യങ്ങളും

ജസ്റ്റിസ് രജീന്ദ്ര സച്ചാർ കമ്മീഷൻ കേന്ദ്രസർക്കാരിന് സമർപ്പിച്ച റിപ്പോർട്ട് കേരളത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയ മുൻ തദ്ദേശസ്വയം ഭരണ വകുപ്പ് മന്ത്രി ശ്രീ. പാലോളി മുഹമ്മദ് കുട്ടി അധ്യക്ഷനായ കമ്മറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കേരളത്തിൽ മദ്രസ്സാദ്ധ്യാപകരായി സേവനം അനുഷ്ഠിക്കുന്ന അദ്ധ്യാപകരുടെ സാമൂഹികവും സാമ്പത്തികവുമായ വളർച്ചയും പുരോഗതിയും ലക്ഷ്യം വെച്ച് കൊണ്ട് 31.05.2010 ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പിൻ കീഴിൽ കോഴിക്കോട് ആസ്ഥാനമായി കേരള മദ്രസാധ്യാപക ക്ഷേമനിധി ഓഫീസ് പ്രവർത്തനമാരംഭിച്ചു. ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ കൂടുതൽ ആകർഷകവും, ജനക്ഷേമപരവും ആക്കുന്നതിനുവേണ്ടി 2018 ആഗസ്റ്റ് 31-ലെ 43-ാം നമ്പർ ഓർഡിനൻസിലൂടെ ശ്രീ.എം.പി.അബ്ദുൽ ഗഫൂർ ചെയർമാനായി മദ്രസാധ്യാപക ക്ഷേമനിധി ബോർഡ് രൂപീകരിച്ചു. 21/06/2019-ലെ സ.ഉ(അച്ചടി) നമ്പർ.6/ 2019/പൊ വ, സ.ഉ(അച്ചടി)നമ്പർ.7/2019/പൊ വ ഉത്തരവുകളിലൂടെ പദ്ധതികളും ചട്ടങ്ങളും അംഗീകരിച്ചു. 2019 നവംബർ 19-ാം തീയതി കേരള മദ്രസ അധ്യാപക ക്ഷേമനിധി ബിൽ നിയമസഭ പാസ്സാക്കി. 2019-ഡിസംബർ 6 ന് ബില്ലിന് ഗവർണറുടെ അനുമതി ലഭിച്ചു.

## മദ്രസാധ്യാപക ക്ഷേമനിധിയിൽ ആർക്കെല്ലാം അംഗങ്ങളാവാം

- 18 വയസ്സ് പൂർത്തിയായതും എന്നാൽ 55 വയസ്സ് പൂർത്തിയാകാത്തതുമായ മുസ്ലിം മതതത്വമോ അനുഷ്ഠാനമോ ആശയമോ പഠിപ്പിക്കുന്ന മദ്രസാധ്യാപകർക്ക് ഈ പദ്ധതിയിൽ അംഗമാകാം.
- എന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരിൽ നിന്നോ അർദ്ധസർക്കാർ സ്ഥാപനത്തിൽനിന്നോ പെൻഷൻ ലഭിക്കുവാൻ അർഹതപ്പെട്ട സേവനത്തിൽപ്പെട്ട അദ്ധ്യാപകർക്ക് അംഗമാകാൻ കഴിയില്ല.
- വ്യക്തമായി പൂരിപ്പിച്ച അപേക്ഷകൾ ചീഫ് എക്സിക്യുട്ടീവ് ഓഫീസർ, കേരള മദ്രസാദ്ധ്യപക ക്ഷേമനിധി ഓഫീസ്, ചക്കോരത്ത്കുളം, വെസ്റ്റ് ഹിൽ.പി.ഒ, കോഴിക്കോട് 673005 എന്ന വിലാസത്തിൽ അയച്ചുതരികയോ ക്ഷേമനിധി ആഫീസിൽ നേരിട്ടെത്തിക്കുകയോ ജില്ലാ കളക്ട് റേറ്റിലുള്ള ന്യൂനപക്ഷസെല്ലിൽ എത്തിക്കുകയോ ചെയ്യാവുന്നതാണ്.

## ക്ഷേമനിധി അപേക്ഷ ഫോറം എവിടെയെല്ലാം ലഭിക്കും ?

- കേരള മദ്രസാധ്യാപക ക്ഷേമനിധിയുടെ കോഴിക്കോട് ഓഫീസ്, ജില്ലാകളക്ട്രേറ്റുകളിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷസെൽ എന്നിവിടങ്ങളിൽ നിന്ന് നേരിട്ടും 5 രൂപ സ്റ്റാമ്പ് ഒട്ടിച്ച് സ്വന്തം മേൽവിലാസം എഴുതിയ കവർ സഹിതം കേരള മദ്രസാധ്യാപക ക്ഷേമനിധി യുടെ ഓഫീസിൽ അപേക്ഷിച്ചാൽ തപാലിലും അപേക്ഷാ ഫോറം ലഭിക്കും.
- അപേക്ഷാഫോറംwww.kmtboard.in എന്ന വെബ്സൈറ്റിലും ലഭിക്കുന്നതാണ്.

## അപേക്ഷയോടൊപ്പം എന്തെല്ലാം രേഖകൾ ഹാജരാക്കണം

- പാസ്പോർട്ട് സൈസ് ഫോട്ടോ 3 എണ്ണം
- ആധാർ കാർഡിന്റെ പകർപ്പ്
- വയസ്സ് തെളിയിക്കാൻ പാസ്പോർട്ട് അല്ലെങ്കിൽ സ്കൂൾ സർട്ടിഫിക്കറ്റ് അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ജനന സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പ്.

മേൽപറഞ്ഞ രേഖകളുടെ അഭാവത്തിൽ, വിദ്യാലയത്തിലോ തദ്ദേശസ്വയം ഭരണ സ്ഥാപനത്തിലോ അപേക്ഷകന്റെ ജനനതിയ്യതി സംബന്ധിച്ച രേഖകൾ ലഭ്യമല്ലെന്നു വ്യക്തമാക്കുന്ന ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള റിപ്പോർട്ടിനോടൊപ്പം അസിസ്റ്റന്റ് സർജന്റെ റാങ്കിൽ താഴെയല്ലാത്ത മെഡിക്കൽ ഓഫീസറിൽ നിന്നുള്ള അപേക്ഷകന്റെ വയസ്സ് വ്യക്തമാക്കുന്ന ഒറിജിനൽ സർട്ടിഫിക്കറ്റും ഹാജരാക്കാവുന്നതാണ്.

- വിലാസം തെളിയിക്കുന്നതിനായി ആധാർ കാർഡിന്റെയോ, സർക്കാർ അംഗീകൃത തിരിച്ചറിയൽ രേഖകളുടെയോ പകർപ്പ്

## ക്ഷേമനിധിയിൽ അംശാദായം അടയ്ക്കുന്നതെങ്ങനെ ?

- അംഗങ്ങൾക്ക് കേരളത്തിലെ ഏത് സബ്പോസ്റ്റോഫീസിൽ നിന്നും അംശാദായം ഓൺലൈൻ സംവിധാനം വഴി അടയ്ക്കാവുന്നതാണ്.
- മാസത്തിൽ 100/- രൂപ (മദ്രസാദ്ധ്യാപകർ 50രൂപ, മദ്രസാ മാനേജ്മെന്റ് 50 രൂപ) എന്ന നിരക്കിൽ ഒരു വർഷത്തേക്ക് 1200/- രൂപയാണ് അടവാക്കേണ്ടത്.
- മൂന്ന് മാസക്കാലത്തെ അംശദായം ഒരുമിച്ച് അടവാക്കേണ്ടതാണ്. ആറു മാസത്തേയോ ഒരു വർഷത്തേയോ അംശാദായം ഒരുമിച്ച് മുൻകൂറായും അടവാക്കാവുന്നതാണ്.

## ക്ഷേമനിധി അംഗത്വം റദ്ദാകുന്ന സാഹചര്യം

- മദ്രസാധ്യാപകക്ഷേമനിധിയിൽ അംഗമായിരിക്കുന്നതിനുള്ള നിബന്ധനകൾ ലംഘിക്കുകയോ തെറ്റായ വിവരങ്ങൾ നല്കി അംഗത്വം നേടുകയോ അംശാദായം കൃത്യമായി അടയ്ക്കുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്താൽ (ഓരോ സാമ്പത്തിക വർഷത്തിന്റേയും മാർച്ച് മാസം 10-ാംതീയ്യതിയ്ക്ക് മുമ്പ് അംശാദായം പൂർണ്ണമായി അടച്ചില്ലെങ്കിൽ) അംഗത്വം റദ്ദാക്കപ്പെടുന്നതാണ്.

- രണ്ടു വർഷം വരെ അംശാദായം അടയ്ക്കാതെ റദ്ദായ അംഗത്വം അംശാദായം പിഴസഹിതം അടവാക്കുമെന്ന വ്യവസ്ഥയിന്മേൽ പുനഃസ്ഥാപിക്കുവാൻ ക്ഷേമനിധി മാനേജർക്ക് കഴിയുന്നതാണ്.

## മദ്രസാധ്യാപക ക്ഷേമനിധി നൽകുന്ന വിവിധ ആനുകൂല്യങ്ങൾ

2020 ഏപ്രിൽ മാസം മുതൽ മദ്രസാധ്യാപക ക്ഷേമനിധി ബോർഡിൽ നിന്നും ലഭിക്കുന്ന ആനുകൂല്യങ്ങൾ താഴെ ചേർക്കുന്നവയാണ്.

## എ. പെൻഷൻ പദ്ധതി

- 5 വർഷത്തിൽ കുറയാത്തകാലം കുടിശ്ശികയില്ലാതെ അംശദായമടച്ച് ക്ഷേമനിധി അംഗത്വം നിലനിർത്തിയ മദ്രസ്സാദ്ധ്യാപക പ്രവൃത്തിയിൽ സ്വയം വിരമിച്ചതുമായ അംഗത്തിന് മിനിമം പെൻഷന് അർഹത.
- അംഗങ്ങൾക്ക് 60 വയസ്സിനുശേഷം ക്ഷേമനിധിയിലെ അംഗത്വപ്രാബല്യമനുസരിച്ച് പെൻഷൻ ലഭിക്കുന്നതാണ്.
- സേവനത്തിലിരിക്കുമ്പോഴോ പെൻഷന് അർഹതനേടിയതിന് ശേഷമോ ക്ഷേമനിധിയിലെ ഒരംഗം മരിക്കുകയാണെങ്കിൽ അംഗത്തിന്റെ പേരിലുള്ള തുക നോമിനിക്കോ അവകാശികൾക്കോ ലഭിക്കുന്നതാണ്.
- അംഗത്തിന്റെ പേരിൽ പെൻഷൻഫണ്ടായി നിക്ഷേപിക്കപ്പെടുന്ന തുക പെൻഷൻകാരുടെ കാലശേഷം പൂർണ്ണമായി അവകാശിക്ക് നല്കുന്നു.
- ക്ഷേമനിധിഅംഗത്വം റദ്ദാക്കപ്പെടുകയോ നിക്ഷേപം നിർത്തലാക്കപ്പെടുകയോ ചെയ്യുന്ന പക്ഷം അംഗത്തിന്റെ കണക്കിലുള്ള തുക തിരിച്ച് നൽകുന്നു.
- 2015 ൽ മുതലാണ് പെൻഷൻ നൽകി തുടങ്ങിയത്. തുടക്കത്തിൽ 500 രൂപയും തുടർന്ന് 800 രൂപയും പിന്നീട് 1000 രൂപയുമായിരുന്നു പെൻഷൻ. 2020 ഏപ്രിൽ മുതൽ 1500 രൂപ നിരക്കിലാണ് പെൻഷൻ നൽകുന്നത്. 2020 ഡിസംബർ മാസത്തിൽ 515 പേർക്ക് 1500 രൂപ നിരക്കിൽ പെൻഷൻ നൽകി വരുന്നു

## ബി. വിവാഹ ധനസഹായം

- മദ്രസ്സാദ്ധ്യാപക ക്ഷേമ നിധിയിൽ 2 വർഷം അംഗത്വ കാലാവധി പൂർത്തിയാക്കി കുടിശ്ശികയില്ലാതെ അംഗത്വം നിലനിർത്തുന്ന മദ്രസാധ്യാപകരുടെ സ്വന്തം വിവാഹത്തിനും അവരുടെ 2 പെൺമക്കളുടെ വിവാഹത്തിനും 25,000/- രൂപ വിവാഹ ധനസഹായം.
- നിക്കാഹ് തീയതി കഴിഞ്ഞ് 3 മാസത്തിനകം അപേക്ഷ സമർപ്പിച്ചിരിക്കണം.
- അപേക്ഷയോടൊപ്പം ക്ഷേമനിധി അംഗത്വ കാർഡ്, അംഗത്വമെടുത്തത് മുതൽ അപേക്ഷ സമർപ്പിക്കുന്നത് വരെയുള്ള വിഹിതമടവുകളുടെ പകർപ്പുകൾ, തദ്ദേശ സ്വയം രണ സ്ഥാപനത്തിൽ നിന്ന് ലഭിച്ച വിവാഹ ക്ഷണപത്രം, വിവാഹ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, വിവാഹിതയുടെ വയസ്സ് തെളിയിക്കുന്നതിനുള്ള രേഖ, ബാങ്ക് അക്കൗണ്ട് ബുക്കിന്റെ പകർപ്പ് എന്നിവ സമർപ്പിക്കേണ്ടതാണ്.
- പൂരിപ്പിച്ച അപേക്ഷ ബന്ധപ്പെട്ട രേഖകൾ സഹിതം ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, മദ്രസാധ്യാപക ക്ഷേമനിധി ബോർഡ്, കെ.യു.ആർ.ഡി.എഫ്.സി ബിൽഡിംഗ് രണ്ടാം നില, ചക്കോരത്ത്കുളം, കോഴിക്കോട് 673005 എന്ന വിലാസത്തിൽ അയയ്ക്കണം. അപേക്ഷാഫാറം ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റ്, മദ്രസാധ്യാപക ക്ഷേമനിധി ആഫീസ്, ജില്ലാ കളക്ടറേറ്റുകളിലെ ന്യൂനപക്ഷക്ഷേമ സെക്ഷൻ, ക്ഷേമനിധി വെബ്സൈറ്റ് എന്നിവിടങ്ങളിൽ ലഭ്യമാണ്.
- 2015 ലാണ് പദ്ധതി ആരംഭിച്ചത്. പതിനായിരം രൂപയായിരുന്ന ധനസഹായം 2020 ഏപ്രിൽ മുതൽ 25000 രൂപയാക്കി വർദ്ധിപ്പിച്ചു. ഇതുവരെയായി 1400 പേർക്ക് വിവാഹ ധനസഹായം നൽകി.

## സി. എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങളിലും എ പ്ലസ് ലഭിച്ച ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് ക്യാഷ് അവാർഡ്

- വിദ്യഭ്യാസത്തിന് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി ക്ഷേമനിധി അംഗങ്ങളുടെ എസ്.എസ്.എൽ.സി/ പ്ലസ്ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ+ഗ്രേഡ് നേടിയ മക്കൾക്ക് 2000/ രൂപാ വീതം ക്യാഷ് അവാർഡ് നൽകുന്നു. 2014ൽ ആരംഭിച്ച പദ്ധതിയിൽ ഇതുവരെയായി 158 പേർക്ക് ധനസഹായം നൽകി

## ഡി. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി അംഗങ്ങൾക്കുള്ള ഭവന പദ്ധതി

- സ്വന്തമായി ഒരു വീട് എന്ന മദ്രസ്സാദ്ധ്യാപകന്റെ സ്വപ്നസാക്ഷാത്ക്കാരത്തിനായി ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനുമായി സഹകരിച്ച് ക്ഷേമനിധി അംഗങ്ങൾക്ക് ഭവനനിർമ്മാണത്തിനായി പലിശ രഹിത വായ്പ പദ്ധതി നടപ്പിലാക്കി വരുന്നു.
- മൂന്ന് സെന്റിൽ കുറയാത്ത സ്ഥലമുള്ള സ്വന്തമായി വീടില്ലാത്ത ക്ഷേമനിധി അംഗങ്ങൾക്ക് രണ്ടരലക്ഷം രൂപ ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷൻ വഴി പലിശരഹിത വായ്പയായി അനുവദിക്കുന്നു. വായ്പാതുക 84 മാസം കൊണ്ട് അടച്ച് തീർത്താൽ മതി. വായ്പ ലഭിച്ച് 6 മാസത്തിനുശേഷം തിരിച്ച് അടച്ചാൽ മതി.
- 2016ൽ നിലവിൽ വന്ന പദ്ധതിയിൽ ഇതുവരെയായി 600 പേർക്ക് വായ്പ അനുവദിച്ചു.

## ഇ. ചികിത്സാധനസഹായം

- ക്ഷേമനിധി അംഗങ്ങൾക്ക് കാൻസർ, ബൈപാസ് സർജറി, ആഞ്ജിയോപ്ലാസ്റ്റി, കിഡ്നി / കരൾ മാറ്റിവെക്കൽ, പക്ഷാഘാതം തുടങ്ങി ഗുരുതര രോഗങ്ങൾക്കുള്ള ചികിത്സക്ക് 25000/- രൂപയും മറ്റ് അസുഖങ്ങൾക്കുള്ള ചികിത്സയ്ക്ക് 5000/- രൂപയും ധനസഹായം ലഭിക്കുന്നതാണ്. 2017ൽ നിലവിൽ വന്ന പദ്ധതിയിൽ ഇതുവരെയായി 128 പേർക്ക് ധനസഹായം നൽകി

## എഫ്. പ്രസവധനസഹായം

ക്ഷേമനിധി അംഗത്വമെടുത്ത് ഒരു വർഷം പൂർത്തിയായ വനിതാ അംഗത്തിന് പ്രസവത്തിന് 15,000/- രൂപ വീതം (പരമാവധി രണ്ടുതവണ) ധനസഹായം ലഭിക്കുന്നു. ഇതുവരെയായി 8 അംഗങ്ങൾക്ക് ധനസഹായം നൽകി

## ജി. മരണാനന്തര ധനസഹായം

ക്ഷേമനിധി അംഗം മരിച്ചാൽ അവകാശിക്ക് താഴെ കൊടുത്തവിധത്തിൽ മരണാനന്തര ധനസഹായം നൽകും. കൂടാതെ സംസ്ക്കാര ചടങ്ങുകൾക്കായി ആശ്രിതരുടെ കുടുംബത്തിന് 5000 രൂപയും പെൻഷണറുടെ കുടുംബത്തിന് 3000 രൂപയും അനുവദിക്കും.

ഒരു വർഷം മുതൽ 5 വർഷം വരെ അംഗത്വമുള്ളവർ 10000 രൂപ

6 മുതൽ 10 വർഷം വരെ 15,000 രൂപ

11 മുതൽ 15 വർഷം വരെ 20,000 രൂപ

16 മുതൽ 20 വർഷം വരെ 30,000

20 വർഷത്തിനു മുകളിൽ 50,000
ഇതുവരെയായി 12 അംഗങ്ങൾക്ക് ധനസഹായം നൽകി

## എച്ച്. കോവിഡ് ധനസഹായം

- കോവിഡ് പശ്ചാത്തലത്തിൽ മുഴുവൻ അംഗങ്ങൾക്കും 2000 രൂപ വീതം ആശ്വാസധനസഹായം നൽകി. ഇതിനായി 5 കോടി രൂപ വകയിരുത്തി

## ക്ഷേമനിധിയെ സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി

- മദ്രസാധ്യാപകക്ഷേമനിധി ഓഫീസ് മേൽവിലാസം- ചീഫ് എക്സിക്യുട്ടീവ് ഓഫീസർ, മദ്രസാദ്ധ്യാപക ക്ഷേമനിധി ബോർഡ്, കെ.യു.ആർ. ഡി.എഫ്.സി ബിൽഡിംഗ് രണ്ടാം നില, ചക്കോരത്ത്കുളം, കോഴിക്കോട് 673005
- ന്യൂനപക്ഷക്ഷേമവകുപ്പ് ഡയറക്ടറുടെ ഓഫീസ് മേൽവിലാസം- ഡയറക്ടർ, ന്യൂനപക്ഷക്ഷേമവകുപ്പ്, വികാസ് ഭവൻ, നാലാംനില, തിരുവനന്തപുരം 695 033.
- പരാതി പരിഹാരത്തിനും സംശയങ്ങൾ തീർക്കുന്നതിനും 0495-2966577 എന്ന ടെലിഫോൺ നമ്പറിലോ kmtboardoffice@gmail.com എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടാവുന്നതാണ്.
  വെബ്സൈറ്റ് വിലാസം. www.kmtboard.in
- മദ്രസാധ്യാപകക്ഷേമനിധിയെ സംബന്ധിച്ച പരാതികളും നിർദ്ദേശങ്ങളും മദ്രസാധ്യാപക ക്ഷേമനിധി മാനേജർക്കോ, ന്യൂനപക്ഷക്ഷേമവകുപ്പ് ഡയറക്ടർക്കോ സമർപ്പിക്കാവുന്നതാണ്.

### വകുപ്പുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിലെ ഫോൺ നമ്പറുകൾ

**സംസ്ഥാന ന്യൂനപക്ഷക്ഷേമവകുപ്പ്**
വികാസ് ഭവൻ, നാലാംനില, തിരുവനന്തപുരം 695 033.
ഫോൺ നമ്പർ. 0471 2300523, 2300524, 2302090
website: www.minoritywelfare.kerala.gov.in

**കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ**
കെ.യു.ആർ.ഡി.എഫ്.സി ബിൽഡിംഗ്, ചക്കോരത്ത് കുളം, വെസ്റ്റ്ഹിൽ.പി.ഒ,
കോഴിക്കോട് - 673005, ഫോൺ - 0495 2769366, 2369366, 2368366
ഇമെയിൽ - ksmdfc@gmail.com website: www.ksmdfc.org

**കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ**
ആഞ്ജനേയ, ടി.സി 9/1023 (2), ശാസ്തമംഗലം, തിരുവനന്തപുരം-10
ഫോൺ. 0471 2315133, 2315122
ഇമെയിൽ. kscminorities@gmail.com

## കേരള മദ്രസാദ്ധ്യാപക ക്ഷേമനിധി ബോർഡ് അംഗങ്ങൾ

| | |
|---|---|
| എം.പി.അബ്ദുൽ ഗഫൂർ | ചെയർമാൻ |
| യൂസഫ്.എ.എം മുൻ എം.എൽ.എ | മദ്രസ്സ കമ്മറ്റി പ്രതിനിധി |
| ഉമ്മർഫൈസി മുക്കം | മദ്രസ്സാദ്ധ്യാപക പ്രതിനിധി |
| ഹാജി.പി.കെ മുഹമ്മദ് | മദ്രസ്സാദ്ധ്യാപക പ്രതിനിധി |
| ഇ.യാക്കൂബ് ഫൈസി | മദ്രസ്സാദ്ധ്യാപക പ്രതിനിധി |
| അബുബക്കർ സിദ്ദീഖ്.കെ | മദ്രസ്സാദ്ധ്യാപക പ്രതിനിധി |
| ഖമറുദ്ദീൻ മൗലവി | മദ്രസ്സാദ്ധ്യാപക പ്രതിനിധി |
| പി.സി.സഫിയ | മദ്രസ്സാദ്ധ്യാപക പ്രതിനിധി |
| ഒ.ഒ.ശംസു | മദ്രസ്സ കമ്മറ്റി പ്രതിനിധി |
| ഒ.പി.ഐ.കോയ | മദ്രസ്സ കമ്മറ്റി പ്രതിനിധി |
| അബ്ദുൽ ലത്തീഫ് കരിമ്പുലാക്കൽ | മദ്രസ്സ കമ്മറ്റി പ്രതിനിധി |
| ഫൈസൽ തറമ്മൽ | മദ്രസ്സാദ്ധ്യാപക പ്രതിനിധി |
| ഹാരിസ് ബാഫഖി തങ്ങൾ | മദ്രസ്സ കമ്മറ്റി പ്രതിനിധി |
| ഡോ.മൊയ്തീൻകുട്ടി എ.ബി | സർക്കാർ പ്രതിനിധി |
| ഹനീഫ | സർക്കാർ പ്രതിനിധി |
| കെ.എ.ശ്രീലത | സർക്കാർ പ്രതിനിധി |
| ഹമീദ്.പി.എം | സർക്കാർ പ്രതിനിധി |